**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3897** **03-03-2023 - ൽ മറുപടിയ്ക്ക്**

**പണമിടപാട്ടു തട്ടിപ്പുകൾ തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇതര സംസ്ഥാന രജിസ്ട്രേഷനുള്ളതും അല്ലാത്തതുമായ അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന സാമ്പത്തിക തട്ടിപ്പുകളും ഓൺലൈൻ തട്ടിപ്പുകളും വ്യാപകമാണെന്നതും വട്ടിപ്പലിശ സംഘങ്ങൾ, മറ്റിതര പണപ്പിരിവ് സംഘങ്ങൾ എന്നിവ വർധിച്ചു വരുന്നുവെന്നതും അവർ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇത്തരം തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം (20/05/2021 മുതൽ 24/02/2023 വരെ) 3205 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് നാളിതുവരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം അറിയിക്കാമോ; | (ബി) | അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ച് വരികയാണ്. ഇത്തരം തട്ടിപ്പുകളുമായി ബന്ധപ്പെട്ട് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം (20/05/2021 മുതൽ 24/02/2023 വരെ) 3205 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ കേന്ദ്ര നിയമം നിലവിലുണ്ടോ; എങ്കിൽ ആയതിൻ പ്രകാരം ഇത്തരം കേസുകളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ നിലവിൽ IPC, Money Lenders Act, Information Technology Act, Banning of Unregulated Deposit Schemes (BUDS) Act, 2019 തുടങ്ങിയ നിയമങ്ങൾ നിലവിലുണ്ട്. ഇത്തരം കേസുകളിൽ ക്രിമിനൽ നിയമ നടപടിപ്രകാരവും ബഡ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ പ്രത്യേകമായി തട്ടിപ്പ് നടത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടു കെട്ടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നു. അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമ നടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചു വരുന്നത്. ഈ നിയമപ്രകാരമുള്ള കേരള ബാനിംഗ് ഓഫ് അൺറഗുലേറ്റഡ് ഡെപ്പൊസിറ്റ് |

| | | | |
|---|---|---|---|
| | | | സ്കീംസ് റൂൾസ്, 25.11.2021 ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ഡി) | ഇല്ലെങ്കിൽ എന്താണ് കാരണമെന്നും, ഇത്തരം തട്ടിപ്പുകൾ വ്യാപകമാകുന്ന സാഹചര്യത്തിൽ കേന്ദ്ര നിയമം അനുസരിച്ച് നടപടികൾ സ്വീകരിക്കുമോയെന്നും ഇല്ലെങ്കിൽ കേന്ദ്ര നിയമത്തിന്റെ ചുവടുപിടിച്ച് സംസ്ഥാനം നിയമ നിർമ്മാണം നടത്തുമോയെന്നും വെളിപ്പെടുത്തുമോ; | (ഡി) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ നിലവിൽ IPC, Money Lenders Act, Information Technology Act, Banning of Unregulated Deposit Schemes (BUDS) Act, 2019 തുടങ്ങിയ നിയമങ്ങൾ നിലവിലുണ്ട്. ഇത്തരം കേസുകളിൽ ക്രിമിനൽ നിയമ നടപടിപ്രകാരവും ബഡ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ പ്രത്യേകമായി തട്ടിപ്പ് നടത്തുന്നവരുടെ സ്ഥാവര ജംഗമ വസ്തുക്കൾ കണ്ടു കെട്ടുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നു. അനധികൃത നിക്ഷേപങ്ങൾ സംബന്ധിച്ച കേസുകളിലെ നിയമ നടപടികൾ പ്രധാനമായും ബഡ്സ് ആക്ട് പ്രകാരമാണ് സ്വീകരിച്ചു വരുന്നത്. ഈ നിയമപ്രകാരമുള്ള കേരള ബാനിംഗ് ഓഫ് അൺറഗുലേറ്റഡ് ഡെപ്പൊസിറ്റ് സ്കീംസ് റൂൾസ്, 25.11.2021 ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. |
| (ഇ) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാനും ജനങ്ങളെ ബോധവൽക്കരിക്കാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ? | (ഇ) | ജനമൈത്രി പോലീസ് ഇത്തരം തട്ടിപ്പുകൾക്കെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്, ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകളെപ്പറ്റി പോലീസിന്റെ ഔദ്യോഗിക വെബ് സൈറ്റ്, സോഷ്യൽ മീഡിയ പേജുകൾ എന്നിവ വഴി അറിയിപ്പുകളും നൽകുന്നു. കുറ്റക്കാർക്കെതിരെ എല്ലാ നിയമ നടപടികളും സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (20.05.2021 മുതൽ 24.02.2023 വരെ) രജിസ്ട്രേഷനുള്ളതും അല്ലാത്തതുമായ അനധികൃത പണമിടപാട് സ്ഥാപനങ്ങൾ, ഓൺലൈൻ തട്ടിപ്പുകാർ, വട്ടിപ്പലിശ സംഘങ്ങൾ, മറ്റിതര പണപ്പിരിവ് സംഘങ്ങൾ എന്നിവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ള വിവരം. | |
|---|---|
| **ജില്ല** | **കേസുകളുടെ എണ്ണം** |
| TVM City | 45 |
| TVM Rural | 48 |
| KLM City | 48 |
| KLM Rural | 942 |
| PTA | 1161 |
| ALP | 39 |
| KTM | 5 |
| IDK | 3 |
| EKM City | 33 |
| EKM Rural | 11 |
| TSR City | 380 |
| TSR Rural | 19 |
| PKD | 88 |
| MPM | 32 |
| KKD City | 0 |
| KKD Rural | 7 |
| WYD | 95 |
| KNR City | 68 |
| KNR Rural | 24 |
| KSD | 157 |
| **TOTAL** | **3205** |

Pramod

സെക്ഷൻ ഓഫീസർ